# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നാഷണൽ അക്കാദമിക് ഡിപ്പോസിറ്ററി (NAD) എന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് NSDL, CDSL എന്ന സ്ഥാപനങ്ങളുടെ ശിപാർശകൾ – അംഗീകരിച്ചു - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാവിഭാഗം ഇ.എ.II സെക്ഷൻ**

നം. 804/ഇ.എ.II/2/207/2017/പരീക്ഷ        തിയതി, പ്രിയദർശിനി ഹിൽസ്, 24 ജനുവരി 2018

---

പരാമർശം: (1) നാഷണൽ അക്കാദമിക് ഡിപ്പോസിറ്ററികളുടെ ടെക്നിക്കൽ ഡെമോൺസ്ട്രേഷൻ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട്

(2) സീടെക്സ് /2017; 15.06.2017 തീയതിയിലെ കുറിപ്പ്

(3) 17.10.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗ മിനിട്സ് ഇനം.നം. 75/17.13/171889

**ഉത്തരവ്**

വിവരസാങ്കേതിക വിദ്യയുടെ പ്രയോജനം വിദ്യാഭ്യാസ മേഖലയിൽ സംജാതമാക്കുന്നതിനായി ഭാരത ഭാരതസർക്കാർ മാനവവിഭവശേഷി മന്ത്രാലയത്തിൻ കീഴിൽ ആവിഷ്ക്കരിച്ചിരിക്കുന്ന 'നാഷണൽ അക്കാദമിക് ഡിപ്പോസിറ്ററി' (NAD) എന്ന പദ്ധതിയുടെ പ്രയോജനം നമ്മുടെ സർവ്വകലാശാലയിലെ അക്കാദമിക് സമൂഹത്തിലും ലഭ്യമാക്കുന്നതിനായി, യുജിസിയുടെ നിർദ്ദേശാനുസരണം NSDL, CDSL എന്നീ സർക്കാർ അംഗീകൃത സ്ഥാപനങ്ങളുമായി ബന്ധപ്പെടുകയും 2017 ഏപ്രിൽ 11-ാം തീയതി, പ്രസ്തുത സ്ഥാപനങ്ങൾ സർവ്വകലാശാലയിൽ ഒരു അവതരണം നടത്തുകയും ചെയ്തു.

സർവ്വകലാശാലയിൽ നിന്നും വിദ്യാർത്ഥികൾക്കു നൽകപ്പെടുന്ന അക്കാദമിക് രേഖകൾ സർട്ടിഫിക്കറ്റുകൾ (മാർക്ക് ലിസ്റ്റുകൾ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ, ഗ്രേസ് കാർഡുകൾ ട്രാൻസ്ക്രിപ്റ്റുകൾ മുതലായവ) ഡിജിറ്റൽ ഫോർമാറ്റിൽ സൂക്ഷിക്കപ്പെടുകയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഉദ്യോഗദാതാക്കൾ എന്നിവർക്ക് ആവശ്യാനുസരണം ഉപയോഗത്തിനും പരിശോധനയ്ക്കും ഓൺലൈൻ സംവിധാനത്തിൽ ലഭ്യമാക്കുന്നു എന്നതാണ് നാഷണൽ അക്കാദമിക് ഡിപ്പോസിറ്ററിയുടെ സവിശേഷത. വിദ്യാർത്ഥികളുടെ ആധാർ നമ്പറോ, അല്ലെങ്കിൽ നൽകുന്ന പ്രത്യേക നമ്പറോ, ലോഗിൻ ചെയ്യാനുള്ള പാസ്‌വേർഡ് ആയി ഉപയോഗിക്കാൻ കഴിയും.

ഒരേ നിയമത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നതും സമാനസ്വഭാവവും, സംവിധാനങ്ങളും ഉള്ളതും ആയ രണ്ടു സ്ഥാപനങ്ങളും പരസ്പരം ഇതര സ്ഥാപനത്തിന്റെ ബാക്ക് അപ്പ് സംവിധാനമായി പ്രവർത്തിക്കുന്നു. രണ്ടു സ്ഥാപനങ്ങളുടേയും പ്രവർത്തന സംവിധാനങ്ങളേയും, സാമ്പത്തിക ബാധ്യതകളേയും/പാക്കേജുകളേയും വിശദമായി പരിശോധിച്ച ശേഷം യോജ്യമായ ഒരു സ്ഥാപനത്തെ തെരഞ്ഞെടുത്ത് പദ്ധതി ആരംഭിക്കുന്നത് നന്നായിരിക്കുമെന്നും, പൈലറ്റ് ടെസ്റ്റിംഗിനായി രണ്ടു സ്ഥാപനത്തോടും ആവശ്യപ്പെടാമെന്നുള്ള സാങ്കേതിക സമിതിയുടെ റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 17.10.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം,സാങ്കേതിക സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**സുരേഷ്കുമാർ.കെ.ആർ**
അസിസ്റ്റൻറ് രജിസ്ട്രാർ XI (പരീക്ഷാവിഭാഗം)
പരീക്ഷാ കൺട്രോളർക്ക് വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. സി.ഇ.സെക്ഷൻ/എസി.സി.സെക്ഷൻ/സിടെക്സ്/സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
4. ജെ.ആർ. I/ IV/ ഡി.ആർ. III/ IV /VIII / എ.ആർ. X/XI/ XXI (പരീക്ഷ)/ജെ.ആർ. I (ഭ.വി)
5. സെക്ഷൻ ഓഫീസർ (സിടെക്സ്)/ ഇ.ബി.സെക്ഷനുകൾ
6. ഇ.ജി. III സെക്ഷൻ(ഫയൽ സഹിതം തുടർനടപടികൾക്കായി)
7. ഐ.ക്യു.എ.സി./കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ജെ.ഡി.കെ.എസ്.എ.
8. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ